പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 827 30.06.2011- ൽ മറുപടിക്ക്

പ്രകൃതിക്ഷോഭത്തിലും കാലവർഷക്കെടുതിയിലും ഇരയായവർക്കുള്ള ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | 2009-2010 അവസാനക്കാലത്തും 2010-2011 ഏപ്രിൽ, മെയ് മാസങ്ങളിലും ഉണ്ടായ പ്രകൃതിക്ഷോഭത്തിലും കാലവർഷക്കെടുതിയിലും കടലാക്രമണത്തിലും കേടുപാടുകൾ പറ്റിയ എത്ര ഭവനങ്ങളാണ് അമ്പലപ്പുഴ മണ്ഡലത്തിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രകൃതിക്ഷോഭത്തിലും, കാലവർഷക്കെടുതിയിലും, കടലാക്രമണത്തിലുമായി അമ്പലപ്പുഴ മണ്ഡലത്തിൽ 2009-10 അവസാന കാലത്ത് 250 വീടുകൾക്കും, 2010-11 ഏപ്രിൽ, മെയ് മാസങ്ങളിലായി 190 വീടുകൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. |
| (ബി) | നാശനഷ്ടങ്ങൾക്ക് എന്തു തുകയാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്; തിട്ടപ്പെടുത്തിയ തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ടി നാശനഷ്ടങ്ങൾക്ക് 7.5 ലക്ഷം രൂപ നഷ്ടം തിട്ടപ്പെടുത്തിയിരുന്നു. പ്രസ്തുത തുക മുഴുവൻ വിതരണം ചെയ്തിട്ടുള്ളതാണ്. |
| (സി) | ആലപ്പുഴ ബീച്ച് വാർഡിലെ കടലാക്രമണത്തിന് ഇരയായവർക്കുള്ള സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങൾക്ക് എന്തു തുക വിതരണം ചെയ്തു; ഇല്ലെങ്കിൽ അടിയന്തിരമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ഇല്ല. ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | അമ്പലപ്പുഴ മണ്ഡലത്തിൽ മേൽപ്പറഞ്ഞ കാലത്ത് ഉണ്ടായിട്ടുള്ള കൃഷി നാശത്തിന്റെ തുക തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും അതു വിതരണം ചെയ്യാൻ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ; | (ഡി) | 2009-10 അവസാനകാലത്തും 2010-11 ഏപ്രിൽ, മെയ് മാസങ്ങളിലുമായി അമ്പലപ്പുഴ മണ്ഡലത്തിൽ 66,31,225/- രൂപയുടെ കൃഷിനാശത്തിന്റെ കണക്ക് തിട്ടപ്പെടുത്തുകയും ആയതിന്റെ വിതരണം ഇതിനോടകം പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ഇ) | ചികിത്സാ സഹായ ഫണ്ടുകളും വരൾച്ച, വെള്ളപ്പൊക്ക ദുരിതാശ്വാസ തുകകളും മണ്ഡലാടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ മുൻകൈ എടുക്കുമോ; | (ഇ) | സി.ആർ.എഫ് വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ദുരിതാശ്വാസ തുക ജില്ല മുതൽ വില്ലേജ് വരെയുള്ള വിവിധ റവന്യൂ തലങ്ങളിൽ വിതരണം ചെയ്തു വരുന്നത്. ഇതിൽ റോഡ് പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾ, ബന്ധപ്പെട്ട നിയമസഭാംഗങ്ങൾ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ നിർദ്ദേശം നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുത്തു വരുന്നത്. ഈ സാഹചര്യത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ എല്ലാ ഫണ്ടുകളും മുൻഗണന നൽകി വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ഇപ്പോഴത്തെ മൺസൂൺ കാലത്ത് എന്തു തുകയാണ് ആലപ്പുഴ ജില്ലയ്ക്ക് ഇതു വരെ നൽകിയിട്ടുള്ളതെന്നും അതിൽ ചെലവഴിച്ച തുകയെത്രയെന്നും ജില്ലയിലെ അസംബ്ളി മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ? | (എഫ്) | ഇപ്പോഴത്തെ മൺസൂൺ കാലത്ത് ആലപ്പുഴ ജില്ലയ്ക്ക് ആകെ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ചതിന്റെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

Rajesh

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഇപ്പോഴത്തെ മൺസൂൺ കാലത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച തുകയുടെ ചെലവു വിവരം നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക്.

| ക്രമ നമ്പർ | നിയമസഭാ മണ്ഡലം | ചെലവഴിച്ച തുക |
|---|---|---|
| 1. | അരൂർ | 165000.00 |
| 2. | ചേർത്തല | 135000.00 |
| 3. | ആലപ്പുഴ | 157466.00 |
| 4. | അമ്പലപ്പുഴ | 200000.00 |
| 5. | കുട്ടനാട് | 1000000.00 |
| 6. | ഹരിപ്പാട് | 300000.00 |
| 7. | കായംകുളം | 0 |
| 8. | മാവേലിക്കര | 0 |
| 9. | ചെങ്ങന്നൂർ | 0 |
| | **ആകെ** | **1957466.00** |

സെക്ഷൻ ഓഫീസർ